പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2885 — 13.03.2020-ൽ മറുപടിക്ക്

## മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി എൻ.സി.ഡി.സി.യുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് : | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനത്തിനും തീരദേശ വികസനത്തിനുമായി എൻ.സി. ഡി.സി.യുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | എൻ.സി.ഡി.സി-യുടെ ധനസഹായത്തോട്ടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതിയിൽ മത്സ്യബന്ധനോപകരണങ്ങളുടെ വിതരണവും, മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിന് ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യ സംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക, ട്രെയിനിംഗ് & എക്സ്റ്റൻഷൻ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-19 വർഷം മുതൽ മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന എൻ.സി.ഡി.സി ധനസഹായത്തോട്ടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി പലിശ രഹിത വായ്പാ പദ്ധതിയായി നടപ്പിലാക്കുന്നു.<br>എൻ.സി.ഡി.സി-ക്ക് നൽകേണ്ട പലിശ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകുന്നു. പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കുന്നതിന് പലിശ സബ്സിഡി നൽകാൻ 96 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തൽ. |
| (ബി) | 2018-19 ൽ എൻ.സി.ഡി.സി. സഹായത്തോടെയുള്ള പദ്ധതികൾക്ക് ആകെ വകയിരുത്തിയിരുന്നത് എത്ര കോടി രൂപയായിരുന്നു; അതിൽ എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ? | (ബി) | 2018-19-ൽ എൻ.സി.ഡി.സി-യുടെ സഹായത്തോടെയുള്ള പദ്ധതികൾക്ക് ബഡ്ജറ്റിൽ 12 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ ബഡ്ജറ്റ് വിഹിതത്തിലൂടെയും അഡീഷണൽ ഓതറൈസേഷനിലൂടെയും മത്സ്യഫെഡിന് 22.49 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ